"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം -കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റെയിഞ്ചിൽപ്പെട്ട പാടം കരിപ്പാംതോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പരിധിയിലുള്ള സർക്കാർ തേക്ക് തോട്ടങ്ങളിൽ നിന്നും മരംമുറി- റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എസ്.ഫസിലുദ്ദീൻ,ശ്രീ.എസ്.രാജേഷ് എന്നിവർ ക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.116/2022/F&WLD തീയതി,തിരുവനന്തപുരം, 19-03-2022

---

പരാമർശം:-

1. വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 26.05.2020 ലെ KFDHQ/2173/2020-VIG/VE2നമ്പർ കത്ത്.
2. 27.05.2020 തീയതിയിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-2185/20 നമ്പർ ഉത്തരവ്.
3. 12.01.2021-ലെ FWLD-A2/36/2020/FWLD നമ്പർ കുറ്റപത്രം//കുറ്റാരോപണ പത്രിക.
4. 22.02.2021 തീയതിയായി ശ്രീ. എസ്. ഫസലുദ്ദീൻ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,15.02.2021 തീയതിയായി ശ്രീ. എസ്. രാജേഷ്,ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക.
5. 09.10.2021 തീയതിയിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി2-2185/20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോന്നി ഡിവിഷനിലെ നടുവത്തുമൂഴി റേഞ്ചിൽപെട്ട പാടം, കരിപ്പാൻതോട് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പരിധിയിൽ ഉള്ള സർക്കാർ തോട്ടങ്ങളിൽ നിന്നും വ്യാപകമായി തേക്ക് മരങ്ങൾ മുറിച്ച് കടത്തി എന്ന പത്ര വാർത്തയെ തുടർന്ന് ഫോറെസ്റ്റ് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ തെളിഞ്ഞ ക്രമക്കേടുകൾക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എസ്.ഫസിലുദ്ദീൻ,ശ്രീ.എസ്.രാജേഷ് എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്) പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (2) പ്രകാരം ടിയാന്മാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയുമുണ്ടായി.

തുടർന്ന് സർക്കാരിൽ നിന്നും കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകുകയും ചെയ്തു.റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ.എസ്.ഫസിലുദ്ദീൻ,ശ്രീ.എസ്.രാജേഷ് എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ കുറ്റപത്രത്തിലെ ചാർജ്ജുകൾ പ്രതിരോധിക്കുന്നതിന് പര്യാപ്തമല്ലെന്നും മേൽ മരംമുറിയുമായി ബന്ധപ്പെട്ട് സർക്കാർ നഷ്ടം ടിയാന്മാർക്ക ബാധകമാണെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇത് സംബന്ധിച്ച

കൂടുതൽ തെളിവുകൾ സ്വീകരിക്കുന്നതിനും വസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനുമായി ഒരു ഔപചാരികാന്വേഷണം നടത്തുന്നതിന് പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസർ ശ്രീ ബി അനിലിനെ അന്വേഷണാധികാരിയായും, കൊല്ലം വർക്കിംഗ് പ്ലാൻ റേഞ്ച് - 1 റേഞ്ച് ഫോറസ്ററ് ഓഫീസർ ശ്രീ.എസ് രാജ്കുമാറിനെ പ്രസന്റിംഗ് ഓഫീസറായും നിയമിച്ച് ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 2 മാസത്തിനകം സർക്കാരിനു സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU THANKACHY M K
ADDITIONAL SECRETARY

ഉത്തരവിൻ പ്രകാരം

**Signed by Shaji A M**
**Date: 19-03-2022 15:12:45**
സെക്ഷൻ ഓഫീസർ

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ ബി. അനിൽ , പുനലൂർ വർക്കിംഗ് പ്ലാൻ ഓഫീസർ

ശ്രീ. എസ്. രാജ്കുമാർ,കൊല്ലം വർക്കിംഗ് പ്ലാൻ റേഞ്ച് -1 റേഞ്ച് ഫോറസ്ററ് ഓഫീസർ

ശ്രീ. എസ്. ഫസലുദീൻ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ .എസ് രാജേഷ് , റെയിഞ്ച് ഫോറസ്ററ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി